സി.പി.ഐ. (എം)	-	3860
ബി.ജെ.പി.	-	2254
കോൺഗ്രസ്സ് (ഐ)	-	1469
മുസ്ലീം ലീഗ്	-	514
സി.പി.ഐ	-	217
		8314

ജനകീയ പോലീസ് പദ്ധതി

48 (51) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയ പോലീസ് പദ്ധതിയെ സ്വാഗതം ചെയ്തുകൊണ്ട് ഇൻഡ്യയിലെ ഏതെല്ലാം സംസ്ഥാന മുഖ്യമന്ത്രിമാരാണ് പ്രതികരണം അറിയിച്ചിട്ടുള്ളത് ;

(ബി) ജനകീയ പോലീസ് പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(സി) ഈ പദ്ധതി സംബന്ധിച്ച് നിയമസഭയിൽ ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആസ്സാം, ആന്ധ്രാപ്രദേശ്, പശ്ചിമബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ അഭിപ്രായങ്ങൾ അറിയിച്ചിട്ടുണ്ട്.

(ബി) പദ്ധതിയുടെ അന്തിമ രൂപം തയ്യാറാക്കുന്നതിനുള്ള ചർച്ചകൾ നടന്നു വരുകയാണ്.

(സി) നിയമസഭയിൽ ചർച്ച ചെയ്യണമെന്നാണ് ഉദ്ദേശിക്കുന്നത്.

പത്രപ്രതിനിധികളെ ആക്രമിച്ച സംഭവങ്ങൾ

49 (52) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2000 മാർച്ച് 31 വരെ എത്ര പത്രപ്രതിനിധികളെ ആക്രമിച്ച സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) എത്ര കവർച്ച, ഭവനഭേദനം, മോഷണം എന്നിവ റിപ്പോർട്ടു ചെയ്തിട്ടുണ്ട് ;

(സി) എത്ര കൊലപാതകങ്ങൾ, രാഷ്ട്രീയ സംഘട്ടനങ്ങൾ എന്നിവ ഉണ്ടാക്കിയുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly